ഉത്തരം

(എ & ബി) ഉദ്ദേശം 80 സെന്റോളം വരുന്ന കാവുംകുളം സ്രോത സ്സായി ഒരു കുടിവെള്ള പദ്ധതി പ്രാവർത്തികയോഗ്യമാണോ എന്നതിനെ കുറിച്ച് പഠനം നടത്താൻ കെ. യു. ഡി. പി. സബ് ഡിവിഷനോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ അതിനുശേഷം, ലോകബാങ്ക് സഹായ ത്തോടെ കെ. ആർ. ഡബ്ലിയു. എസ്. എ. വഴി നടപ്പിലാക്കുന്ന ജലനിധി പദ്ധതിയിലേക്ക് കടലുണ്ടി പഞ്ചായത്ത് തെരഞ്ഞെടുക്കപ്പെടുകയും ജെ. ബി. ഐ. സി. സഹായത്തോടുകൂടിയുള്ള കോഴിക്കോട് വിപുലീ കരണ പദ്ധതിയിൽ കടലുണ്ടി പഞ്ചായത്ത് ഉൾപ്പെടുകയും ചെയ്തതി നാൽ കാവുംകുളം കുടിവെള്ള പദ്ധതി രൂപകൽപ്പന ചെയ്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ബഹുനില ഫ്ളാറ്റുകളിലേക്കുള്ള ജലവിതരണം

87 [2697] ശ്രീ. വർക്കല കഹാർ:
ഡോ. എം. എ. കുട്ടപ്പൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. എ. ചന്ദ്രൻ:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലുള്ള എത്ര ബഹുനില ഫ്ളാറ്റു കളിൽ വാട്ടർ അതോറിറ്റി ജലവിതരണം നടത്തുന്നുണ്ട്;

(ബി) ഈ ഫ്ളാറ്റുകളിൽ താമസിക്കുന്നവർക്ക് സമൃദ്ധിയായി വെള്ളം കിട്ടുന്നതിനായി ഫ്ളാറ്റുകളിൽ ഭൂഗർഭ ടാങ്കുകളും നിർമ്മിച്ച് വാട്ടർ അതോറിറ്റിയുടെ കുഴലിൽനിന്നും വെള്ളം അങ്ങോട്ട് പമ്പ് ചെയ്യുന്നുണ്ടോ;

(സി) എങ്കിൽ ഇപ്രകാരം എത്ര ഫ്ളാറ്റുകളിലേക്ക് വെള്ളം പമ്പ് ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഹൗസ് കണക്ഷൻ ഉള്ള പൈപ്പുകളിൽനിന്നും ഫ്ളാറ്റുക ളിലുള്ള ഭൂഗർഭ ജലസംഭരണിയിലേക്ക് എല്ലാ സമയത്തും വെള്ളം പമ്പ് ചെയ്യുന്ന ഏർപ്പാട് അവസാനിപ്പിച്ച് ഇവിടേക്ക് രാത്രി 10 മണിക്കും വെളുപ്പിന് നാലുമണിക്കും ഇടയിൽ മാത്രം വെള്ളം പമ്പുചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 61.

(ബി, സി) ഉപഭോക്താക്കളുടെ ആവശ്യാർത്ഥം ഫ്ളാറ്റുകളുടെ ഭൂഗർഭ ടാങ്കുകളിലേക്ക് കേരള ജല അതോറിറ്റി വെള്ളം നൽകുന്നുണ്ട്. ഇതിലേക്ക് പ്രത്യേകമായി വെള്ളം പമ്പുചെയ്യുന്നില്ല.

(ഡി) ഈ നിർദ്ദേശം പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly